(എച്ച് & ഐ) മിൽമയും മേഖലാ യൂണിയനുകളും ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

മൃഗസംരക്ഷണത്തിനുള്ള പദ്ധതികൾ

100 (4451) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണമേഖലയിൽ 2009 മേയ് മുതൽ നാളിതുവരെ മൃഗസംരക്ഷണത്തിനായി ഏതെല്ലാം പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്ക് നാളിതുവരെ കേന്ദ്ര സർക്കാർ അംഗീകാരം നൽകി ;

(സി) ഓരോ പദ്ധതിയിലും സംസ്ഥാനത്തിന് ലഭ്യമായ കേന്ദ്രസഹായം എത്രയാണെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനം നൽകിയ ഏതെങ്കിലും മൃഗസംരക്ഷണ പദ്ധതിക്ക് കേന്ദ്രം അനുമതി നിഷേധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(എഫ്) എങ്കിൽ ഇത് സംബന്ധിച്ച് കേന്ദ്രം നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) മൃഗസംരക്ഷണമേഖലയിൽ കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്ന പദ്ധതികളിൽ ഭൂരിപക്ഷവും കേന്ദ്ര മാർഗ്ഗ നിർദ്ദേശത്തോടുകൂടിയുള്ള തുടർപദ്ധതികളാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 8 തുടർ പദ്ധതികൾക്കും 2 പുതിയ പദ്ധതികൾക്കും ധനസഹായം ലഭിക്കുന്നതിന് കേന്ദ്രത്തിന് സമർപ്പിക്കുകയും അവയ്ക്ക് അനുമതി ലഭിക്കുകയും ചെയ്തു. ഈ സാമ്പത്തിക വർഷം 8 പദ്ധതികൾക്ക് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ആത്മഹത്യാപ്രേരിത ജില്ലകളായ പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകൾക്ക് വിദർഭാ പാക്കേജിലൂടെയും ആർ.കെ.വി.വൈ. പദ്ധതിയിലൂടെയും കുട്ടനാട്. ഇടുക്കി പാക്കേജ് പദ്ധതിയിലൂടെയും സംസ്ഥാനത്ത് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തികവർഷം സമർപ്പിച്ച 10 പദ്ധതികൾക്കും ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം സമർപ്പിച്ച 8 പദ്ധതികളിൽ 3 പദ്ധതികൾക്ക് ധനസഹായം ലഭിക്കുകയും കൂടാതെ കഴിഞ്ഞ വർഷം ലഭിച്ച തുകയുടെ ബാക്കി തുക ഈ സാമ്പത്തികവർഷം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പദ്ധതിയിലും സംസ്ഥാനത്തിന് ലഭ്യമായ കേന്ദ്ര സഹായം അനുബന്ധമായി കൊടുത്തിരിക്കുന്നു. *

(ഡി) വകുപ്പ് മുഖേന സംസ്ഥാനം നൽകിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കെല്ലാം കേന്ദ്രത്തിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ

101 (4452) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റതിനുശേഷം മൃഗസംരക്ഷണവകുപ്പ് എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടത്തിയത് ; ഇതിനായി എത്ര രൂപ ചെലവായെന്ന് പഞ്ചായത്ത്/ നഗരസഭ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റതിനുശേഷം മൃഗസംരക്ഷണ വകുപ്പ് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്.

2006-07

1. മൃഗചികിത്സാ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തൽ - വന്ധ്യതാ നിവാരണ ക്യാമ്പ്

കൊയിലാണ്ടി മുനിസിപ്പാലിറ്റി	- 3500 രൂപ
ചെമഞ്ചേരി പഞ്ചായത്ത്	- 3500 രൂപ
ചേങ്ങോട്ട് കാവ് പഞ്ചായത്ത്	- 3500 രൂപ
തിക്കോടി പഞ്ചായത്ത്	- 3500 രൂപ
മൂടാടി പഞ്ചായത്ത്	- 3500 രൂപ

2. അസ്കാഡ് ബ്ലോക്ക് ലെവൽ സെമിനാർ

കൊയിലാണ്ടി മുനിസിപ്പാലിറ്റി - 5000 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly